LIBRARY ARCHIVES Kerala Legislative Assembly

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 8-7-2015-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നിലവിൽ തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടന്നുവരുന്നു.

## കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. അപ്ഗ്രേഡിംഗ്

246 (947) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.റ്റി.ഐ. അപ്ഗ്രേഡ് ചെയ്യുന്നതിന് അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ;

(ബി) ഐ.റ്റി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഏതെങ്കിലും തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത ഇവിടെ നിലവിൽ നൽകുന്ന കോഴ്സുകൾ എന്തെല്ലാം; വിശദമാക്കാമോ?

### ഉത്തരം

(എ) Vocational Training Improvement Programme (VTIP) സ്കീം പ്രകാരം കൊയിലാണ്ടി ഐ.ടി.ഐ. ഉൾപ്പെടെ 7 ഐ.ടി.ഐ.-കളുടെ അപ്ഗ്രഡേഷനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 78.56 ലക്ഷം രൂപയുടെ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കൊയിലാണ്ടി ഐ.ടി.ഐ.-യിൽ നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകൾ ചുവടെ ചേർക്കുന്നു:

1. ഫിറ്റർ
2. ഇലക്ട്രോണിക് മെക്കാനിക്ക്
3. ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ്

4. മെക്കാനിക്ക് ഓട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്

5. കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്

6. ഡസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ.

**സർക്കാർ ഐ.ടി.ഐ.-കൾ**

247 (948) ശ്രീ. എ. എം. ആരിഫ് :

ശ്രീ. സാജു പോൾ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ.-കൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡം പാലിച്ച് എൻ.സി.വി.ടി. റീ-അഫിലിയേഷൻ നേടിയെടുക്കാൻ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; എത്ര ഐ.ടി.ഐ.-കളിൽ മാനദണ്ഡപ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും വർക്ക്ഷോപ്പും ഉണ്ട്;

(ബി) 2015-16-ൽ കൂടി മാത്രം റീ-അഫിലിയേഷൻ കൂടാതെ എല്ലാ സർക്കാർ ഐ.ടി.ഐ.-കൾക്കും പ്രവേശനം നൽകാൻ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് അനുമതി നൽകിയ സാഹചര്യത്തിൽ 2016-17-ലെ വിദ്യാർത്ഥി പ്രവേശനം സാധ്യമാകുമോ ;

(സി) ഒരു സർക്കാർ ഐ.ടി.ഐ.-യ്ക്കും റീ-അഫിലിയേഷൻ ലഭിക്കാത്ത നിലവിലെ സാഹചര്യം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കാതിരിക്കാനായി എന്തുചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള 37 ഐ.ടി.ഐ.-കളിൽ QCI-യുടെ മാനദണ്ഡം പാലിച്ച് ടി ഐ.ടി.ഐ.-കൾക്ക് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു:

2014-15 സാമ്പത്തിക വർഷം റീ-അഫിലിയേഷനുവേണ്ടി 11.46 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽനിന്ന് ലഭിച്ചതുപ്രകാരം 17 ഐ.ടി.ഐ.കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് ഡി.ജി.റ്റി.-യുടെ നിലവിലുള്ള എൻ.സി.വി.റ്റി. സിലബസ് പ്രകാരമുള്ള യന്ത്രസാമഗ്രികളും മറ്റു പഠനോപകരണങ്ങളും സംഭരിച്ച് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly